# രിഫാഈ ലേഖനങ്ങൾ

★

രചന:

## മൗലാനാ ശൈഖ് സയ്യിദ്
## മുസ്തഫാ രിഫാഈ

★

വിവർത്തനം:

അബ്ദുശ്ശകൂർ ഖാസിമി

★

പ്രസിദ്ധീകരണം :

സയ്യിദ് ഹസനി അക്കാദമി ഓച്ചിറ

★

വിതരണം:

ജാമിഉൽ ഹസനാത്ത്, മദ്റസ തഹ്ഫീസുൽ ഖുർആൻ

അയത്തിൽ കൊല്ലം, കേരള

Saikh Abdul Khadar Jeelani (R)
Rifayee Lekhanangal

Author : Moulana Saikh Sayyid Musthafa Rifayee

Translator : Abdusakoor Qasimi

Published by : Mufakkirul Islam Foundation,
Kozhikode

Supply : Sayyid Hasani Acadamy, Oachira

Rs:   /-

ബിസ്മില്ലാഹ്....

ആധുനിക യുഗത്തിൽ മാനവലോകത്തിനുമേൽ സർവ്വലോക പരിപാലകനും കരുണാവാരിധിയുമായ പടച്ചവൻ ധാരാളം അനുഗ്രഹങ്ങൾ ചൊരിഞ്ഞിരിക്കുന്നു. വിജ്ഞാനം, ശാസ്ത്രം എന്നിങ്ങനെ സർവ്വകാര്യങ്ങളും പുരോഗതിയുടെ പാരമ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മനുഷ്യൻ ഓരോ മേഖലകളെയും കീഴടക്കി ചക്രവാളത്തിലേക്ക് കയറുകയാണ്. എന്നാൽ ഒരു കാര്യം നാം ഓർക്കുക: കടലിലും കരയിലും സർവ്വതും പടക്കുന്നതും നിയന്ത്രിക്കുന്നതും എല്ലാം ഏകനായ പടച്ചവനാണ്. പടച്ചവന്റെ പൊരുത്തത്തിലായി അവന്റെ അനുഗ്രഹങ്ങൾ വിനിയോഗിക്കുക എന്നതാണ് യഥാർത്ഥ വിജയത്തിന്റെ മാർഗ്ഗം.

പടച്ചവന്റെ പൊരുത്തത്തിലായി നീങ്ങുന്നതിന് സ്വന്തം യാഥാർത്ഥ്യത്തെയും പടച്ചവനെയും അറിയേണ്ടത് അത്യാവശ്യമാണ്. എന്നാൽ എല്ലാമുണ്ടെങ്കിലും ഈ അറിവ് ഇന്ന് വളരെ കുറഞ്ഞിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് വൈജ്ഞാനിക ശാസ്ത്രീയ പുരോഗതികൾ ഉണ്ടായിട്ടും നിഷേധവും ബഹുദൈവാരാധനയും പാപങ്ങളും ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യം ഉണരലും മറ്റുള്ളവരെ ഉണർത്തലും ഇന്നത്തെ വലിയൊരു ആവശ്യമാണ്. പാവപ്പെട്ട ഈ രിഫാഈ ഫഖീർ ഈ വിഷയത്തിൽ വിവിധങ്ങളായ പരിശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അതിൽ ഒന്നാണ് രചനകളിലൂടെ ഈ

വസ്തുത അറിയിക്കാനുള്ള പരിശ്രമങ്ങൾ. ഈ അടിസ്ഥാനത്തിൽ ധാരാളം രചനകൾ തയ്യാറാക്കുകയുണ്ടായി. അതിൽ നിന്നും തെരഞ്ഞെടുത്ത ഏതാനും ലേഖനങ്ങൾ രിഫാഈ ലേഖനങ്ങൾ എന്ന പേരിൽ സയ്യിദ് ഹസനി അക്കാദമി ഇറക്കുന്നതായി അറിയാൻ സാധിച്ചു. ഇതിന്റെ പ്രസിദ്ധീകരണത്തിൽ വിനീതന്റെ പ്രിയപ്പെട്ട ശിഷ്യൻ കൂടിയായ അൽ ഉസ്താദ് സയ്യിദ് സിറാജുദ്ദീൻ ഖാദിരിയും പങ്കെടുക്കുന്നു എന്ന് അറിഞ്ഞപ്പോൾ കൂടുതൽ സന്തോഷമുണ്ടായി. അല്ലാഹു സയ്യിദിനെയും എല്ലാ സഹായികളെയും അനുഗ്രഹിക്കട്ടെ. അദ്ദേഹത്തിന്റെ സ്ഥാപനത്തെയും എല്ലാ ദീനീ സ്ഥാപനങ്ങളെയും ശരിയായ നിലയിൽ മുമ്പോട്ട് നയിക്കുകയും ആവശ്യങ്ങൾ എല്ലാം നിർവ്വഹിച്ചു തരികയും ചെയ്യട്ടെ. അല്ലാഹുവിനാണ് സർവ്വസ്തുതിയും. അവന്റെ അനുഗ്രഹം കൊണ്ട് നന്മകൾ പൂർണ്ണത പ്രാപിക്കുന്നു. ലോകത്തിന്റെ അന്ത്യപ്രവാചകൻ മുഹമ്മുദുർറസൂലുല്ലാഹി (സ) യുടെ മേൽ സലാത്ത് സലാമുകൾ...

സയ്യിദ് മുസ്ഥഫാ രിഫഈ ജീലാനി.

# ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുക.

നാം മുഴുവൻ മനുഷ്യരും ഏകനായ പടച്ച തമ്പുരാന്റെ അടിമകളും ഏക പിതാവിന്റെ മക്കളുമാണ്. വ്യത്യസ്ത കുടുംബക്കാരും വീക്ഷണക്കാരുമാണെങ്കിലും ഈ രാജ്യത്തെ പൗരന്മാരും സഹോദരങ്ങളുമാണ്. മുൻ കാലങ്ങളിൽ ഈ രാജ്യത്തെ സൂഫികളും സ്വാമിമാരും ഈ കാര്യം നിരന്തരം ഉണർത്തിയിരുന്നു. തത്ഫലമായി എല്ലാവരും പരസ്പരം വിശ്വസിച്ചും ആദരിച്ചും സ്നേഹ സൗഹൃദ സാഹോദര്യങ്ങളിലും കഴിഞ്ഞിരുന്നു. വ്യത്യസ്ത നിറങ്ങളും മണങ്ങളും നിറഞ്ഞ ഒരു പൂവനമാണ് ഇന്ത്യാ മഹാരാജ്യം. നൂറ്റാണ്ടുകളായി ഇവിടെ വിവിധ വിഭാഗങ്ങൾ അവരവരുടെ മതവും ഭാഷയും സംസ്കാരവും മുറുകെ പിടിച്ച് ജീവിച്ച് വരുകയാണ്. ഇതിന്റെ പ്രാധാന കാരണം മഹൽ ഗുണങ്ങൾ പഠിക്കുകയും പകർത്തുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്ന ആത്മീയ നേതൃത്വമാണ്. ഇതിനിടയിൽ പാശ്ചാത്യ വിദ്യാഭ്യാസ ജീവിത ശെലികൾ ഇവിടെ പ്രചരിപ്പിക്കപ്പെട്ടു. ഇതിലൂടെ നാശങ്ങളും നഗ്നതകളും പ്രകടനങ്ങളും വഞ്ചനകളും പാഴ്ചിലവുകളും വഴികേടുകളും പരന്നു. എന്നിട്ടും ഭാരതം അതിന്റെ പൂർവ്വ ശൈലിയിൽ തന്നെ സഞ്ചരിച്ചു. സദാചാരത്തകർച്ച, കൊള്ള, കൊല, ചതി, വഞ്ചന, അക്രമം, അനീതി ഇതൊന്നും ഇവിടെ വേരുപിടിച്ചില്ല. മുതിർന്നവർ ആദരിക്കപ്പെട്ടു. താഴ്ന്നവരോട് കരുണ കാണിക്കപ്പെട്ടു. എല്ലാവരുടേയും ജീവനും സ്വത്തും അഭിമാനവും സുരക്ഷിതമായിരുന്നു. എന്നാൽ അവസാന കാലത്ത് ഇവിടെ രണ്ട് പുതിയ പാഠങ്ങൾ വ്യാപകമായി പഠിപ്പിക്കപ്പെട്ടു. അതായത് പണത്തിനോടുള്ള അഗ്ര

ഹവും അധികാരത്തോടുള്ള ആർത്തിയും. ഇവ പൊതുജനങ്ങളെ മാത്ര മല്ല നേതാക്കളേയും ആത്മീയ നായകരേയും പിടികൂടുകയും തത്ഫ ലമായി കാര്യങ്ങൾ തലകീഴായി മറിയുകയും ചെയ്തു. അതെ, ഇപ്പോൾ ഭാരതമെന്നാൽ ഇവിടുത്തെ ഭൂമിയും വന്യജീവികളുമല്ലാതെ മറ്റൊന്നുമില്ലാത്ത അവസ്ഥ സംജാതമായിരിക്കുന്നു. ഉന്നതമായ ഒരു ഭരണഘടനയും നീതി ന്യായ വ്യവസ്ഥിതിയും ഉണ്ടായിട്ടും ഒന്നുമി ല്ലാത്ത നിലയായി. കയ്യൂക്കുള്ളവൻ കാര്യക്കാരൻ, ശബ്ദമുള്ളവരെല്ലാം നേതാക്കൾ എന്ന നില വന്നിരിക്കുന്നു. സദാചാരമോ സൽസ്വഭാവ മോ മര്യാദകളോ മൂല്യങ്ങളോ ഒന്നുമില്ലാത്ത വ്യാജമായ കുറേ സുഖ സൗകര്യങ്ങളും ബാഹ്യമായ കുറേ അലങ്കാരങ്ങളും മാത്രമായി. മാജിക് ഷോ പോലെ നേതാക്കൾ രംഗം കൊഴിപ്പിക്കുന്നു. ബോധംകെട്ട ജന ങ്ങൾ അവരുടെ പിന്നിൽ കൂടി ജയ് ജയ് പാടുന്നു. പരസ്പരം അക ൽച്ചയിലേക്കും കലഹത്തിലേക്കും അക്രമങ്ങളിലേക്കും അപഹരണ ത്തിലേക്കും ജനങ്ങൾ നയിക്കപ്പെടുന്നു. മറ്റുള്ളവരെ കൊന്ന് തിന്നു ന്നത് ധർമമായി കാണുന്ന അവസ്ഥ വന്നു കൊണ്ടിരിക്കുന്നു. എന്നാൽ, പടച്ച തമ്പുരാൻ ഈ രാജ്യത്തെ ഇന്നും അനുഗ്രഹിച്ചിരിക്കുന്നു. അസ്വസ്ഥ ജനകവും ഭ്രാന്തവും രക്ത പങ്കിലവുമായ ഈ അവസ്ഥ യിലും നിഷ്കളങ്കരും ഗുണകാംക്ഷികളുമായ ആത്മീയ വ്യക്തിത്വങ്ങൾ ഈ രാജ്യത്തുണ്ട്. നല്ല മനുഷ്യരും മനുഷ്യ സ്നേഹികളുമായ ഇവർക്ക് പണത്തോടോ അധികാരത്തോടോ താത്പര്യമില്ല. ഇവർ പടച്ചവനെ ഭയക്കുകയും സൃഷ്ടികളെ സ്നേഹിക്കുകയും പരലോകത്തെ കാംക്ഷിക്കുകയും ചെയ്യുന്നു. ഇവരുടെ സന്ദേശങ്ങളെ സ്വീകരിക്കാൻ രാജ്യം മുന്നോട്ട് വന്നാൽ സംഹാരങ്ങൾ മാറി നിർമ്മാണങ്ങൾ വരു ന്നതും ഭാരതത്തിന്റെ പൂവനം വീണ്ടും പുഞ്ചിരി തൂകുന്നതും മാനവി കതയുടെ മാർഗദർശികളായി ഭാരതം മാറുന്നതുമാണ്. ഇംഗ്ലീഷുകാർക്ക് മുമ്പ് ഇവിടെ കാണപ്പെട്ട സന്തോഷവും, സമാധാനവും, ഐശ്വര്യവും, സ്നേഹ-സൗഹൃദ-സാഹോദര്യങ്ങളും മടങ്ങിവരുന്നതുമാണ്. അതെ, പണത്തിന്റെയും അധികാരത്തിന്റെയും ദുർമോഹങ്ങൾ വർജ്ജിക്കുക. സ്വാർത്ഥരായ നേതാക്കളുടെ ചങ്ങല ക്കെട്ടുകൾ വലിച്ചെറിഞ്ഞ് നിഷ്ക ളങ്കരായ ആത്മീയ ഗുരുക്കളുടെ കൂട്ടത്തിൽ കൂടുക. ഭാരതത്തിന്റെ ഐക്യവും അഖണ്ഡതയും ഇതിൽ തന്നെയാണ് നിലകൊള്ളുന്നത്.

(അല്ലാമാ നദ്‌വിയുടെ പ്രധാനശിഷ്യൻ, ഖാദിരി, രിഫാഈ ത്വരീഖത്തുകളുടെ ആത്മീയ നായകൻ, ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സണൽ ലോബോർഡ് സ്ഥാപകാംഗം, മില്ലി കൗൺസിൽ സ്ഥാപകാംഗം, നദ്‌വത്തുൽ ഉലമാ ശൂറാംഗം, പീസ് ഫൗണ്ടേഷൻ സ്ഥാപകൻ)

# മനുഷ്യരെ സ്നേഹിതരാക്കുക, എതിരാളികളാക്കരുത്.

മയം, പുഞ്ചിരി, പ്രസന്നത, സദ്ഭാവന, ഹൃദയവിശാലത, സഹാനുഭൂതി, ഗുണകാംക്ഷ, സദ്ഭാഷ്യം, ആത്മത്യാഗം പോലുള്ള ഗുണങ്ങൾ പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും പരിശ്രമിക്കുക. ഇവ മനുഷ്യമനസ്സുകളെ മാറ്റിമറിക്കുന്നതും സ്നേഹാദരവുകൾ വളർത്തുന്നതും തെറ്റിദ്ധാരണകളും മാനസിക മാലിന്യങ്ങളും ദൂരീകരിക്കുന്നതുമാണ്. പ്രതികാരദാഹം, ശത്രുത, എതിർപ്പ്, വെറുപ്പ്, അസൂയ എന്നിവയെ യഥാക്രമം ഉപകരാവും, സ്നേഹവും, പിന്തുണയും ആദരവും, ഗുണകാംക്ഷയുമായി മാറ്റിമറിക്കുന്നതാണ്. ഭാര്യഭർത്താക്കന്മാർ, മാതാപിതാക്കൾ, ബന്ധുമിത്രങ്ങൾ, അയൽവാസികൾ, നാട്ടുകാർ എന്തിനേറെ അന്യർക്കും യാത്രികർക്കും ഇടയിൽ പോലും ഇവ നന്മകൾ വളർത്തുന്നതാണ്. ശാന്തിയും സമാധാനവും പരത്തുന്നതും വെറുപ്പും വിദ്വേഷവും ദൂരീകരിക്കുന്നതുമാണ്. പരസ്പരം കാണാനും കേൾക്കാനും കൊടുക്കാനും വാങ്ങാനും പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്.

ഉപര്യുക്ത ഗുണങ്ങൾ എല്ലാ മനുഷ്യർക്കും ആവശ്യമാണെങ്കിലും അന്ത്യപ്രവാചകൻ മുഹമ്മദുർറസൂലുല്ലാഹി (സ) യുടെ സമുദായം ഇതിന് മുന്നിട്ട് ഇറങ്ങൽ നിർബന്ധമാണ്. കാരണം ലോകം മുഴുവനും സർവ്വജനങ്ങൾക്കും സത്യത്തിന്റെ സന്ദേശം എത്തിച്ചുകൊടുക്കാൻ നാം ബാധ്യസ്ഥരാണ്. ഈ ഗുണങ്ങളിലൂടെയല്ലാതെ ഇനി സാധ്യമല്ല. കൂടാതെ വ്യക്തിപരവും ഭൗതികവുമായ വേറെ ധാരാളം നന്മകൾ ഇതിൽ അടങ്ങിയിരിക്കുന്നു.

മഹാന്മാരായ നബിമാർ ജനങ്ങളെ ഇണക്കുന്നവരായിരുന്നു. വെറുപ്പിക്കുന്നവരായിരുന്നില്ല. അവർ ജനങ്ങളെ അടുപ്പിച്ചു, അകറ്റിയില്ല. മയത്തിൽ സംസാരിച്ചു. കടുത്ത ഭാഷ്യം പ്രയോഗിച്ചില്ല. ലളിത

സുന്ദര ശൈലി സ്വീകരിച്ചു. ആട്ടലും വിരട്ടലും ശാപശകാരങ്ങളും നടത്തിയില്ല. പുഞ്ചിരിയുടെ പുഷ്പങ്ങൾ വിതറി. വെറുപ്പിന്റെ മുള്ളുകൾ പാകിയില്ല. നബിമാരുടെ മഹത്ചരിതങ്ങൾ സമുന്നത മാതൃകയാണ്. പ്രബോധക സമുദായത്തിന് അതിൽ ധാരാളം മാർഗ്ഗദർശനങ്ങളുണ്ട്.

ഇന്നത്തെ ലോകം പ്രശ്ന സങ്കീർണ്ണമാണ്. ചതി, വഞ്ചന, കൈയ്യൂക്ക്, അസൂയ, ശത്രുത, അസഭ്യം, വഴക്ക്, കളവ്, അപരാധം, പ്രതികാരം എന്നിവ വ്യാപകമായിരിക്കുന്നു. എല്ലായിടങ്ങളിലും പിടിവലികളാണ്. നിക്ഷ്പക്ഷരായ ജനങ്ങൾ വളരെയധികം അസ്വസ്ഥരായിരിക്കുന്നു. എന്നാൽ ഒരു കാര്യം ഓർക്കുക: അസത്യം അധികനാൾ നീണ്ടുനിൽക്കുന്നതല്ല. ബുദ്ധിമാൻമാരുടെ കളവുകളും ഭൗതികരുടെ മറിമായങ്ങളും രാഷ്ട്രീയ അധ്യാപകരുടെ അഭ്യാസങ്ങളും സ്വാർത്ഥമോഹികളുടെ പ്രകടനങ്ങളും അധികം നീളുന്നതല്ല. ഇവരുടെ രഹസ്യങ്ങൾ വളരെ പെട്ടെന്നുതന്നെ പരസ്യങ്ങളാകുന്നതാണ്. വഞ്ചിതരായ പൊതുജനങ്ങൾ ഈ പൊടിപടലങ്ങൾ എന്നും സഹിക്കുന്നതല്ല. നല്ലവരായ നേതാക്കളും പൊതുജനങ്ങളും സ്ത്രീകളും പുരുഷന്മാരും മുതിർന്നവരും കുട്ടികളും എല്ലാവരും ഇന്ന് വലിയ അസ്വസ്ഥതയിലാണ്. എല്ലാവരും ഒരു നല്ല നാളെയെയും സുന്ദരമായ അവസ്ഥയെയും കൊതിക്കുന്നു.

സ്വാർത്ഥതകൾ നിറഞ്ഞുനിൽക്കുന്ന ഈ അന്തരീക്ഷത്തിൽ നന്മയുടെ നിഷ്കളങ്കരായ പ്രബോധക പ്രചാരകന്മാർക്ക് സുവർണ്ണാവസരം കൈ വന്നിരിക്കുകയാണ്. നാശനഷ്ടങ്ങളിൽ കിടന്ന് പിടച്ചുകൊണ്ടിരിക്കുന്ന മാനവരാശിയുടെ മുന്നിൽ ഇന്ന് അത്ഭുത സിദ്ധികളും ആശ്ചര്യ സംഭവങ്ങളും അവതരിപ്പിക്കേണ്ട ആവശ്യമില്ല. സർവ്വലോക പരിപാലകന്റെ സന്ദേശങ്ങളും അന്ത്യപ്രവാചകന്റെ ജീവിതവും സമർപ്പിച്ചാൽ മാത്രം മതി. ജനങ്ങൾ മരുന്ന് അന്വേഷിച്ച് നടക്കുകയാണ്. പരിശുദ്ധഖുർആനിലും പ്രവാചക ജീവിതത്തിലും സിദ്ധൗഷധമുണ്ട്. എളിയ ഒരു പ്രബോധകനായ ഈ രിഫാഈ ഫഖീർ എല്ലാവരോടും വളരെ വിനയത്തിലും സ്നേഹത്തിലും ഒരു അറിയിപ്പ് സമർപ്പിക്കുകയാണ്: ആയരത്തി നാനൂറ് വർഷമായി അനുഭവ സിദ്ധമായ ഒരു ഔഷധമാണ് പരിശുദ്ധഖുർആനും പ്രവാചക ജീവിതവും. ഇതിനെ ഉപയോഗിക്കുന്നവർ തീർച്ചയായും സമാധാനവും സന്തോഷവും കണ്ടെത്തുക തന്നെ ചെയ്യുന്നതാണ്!

എന്നാൽ ഈ സന്ദേശം പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനുമുള്ള പ്രഥമ നിബന്ധന ഇതാണ്: മാനവരാശിയെ എതിരാളികളായി കാണാതിരിക്കുക. എതിരാളികൾ ആക്കാതിരിക്കുക. പ്രത്യുത സ്നേഹിതരായി കാണുക, സ്നേഹിതരാക്കുകയും ചെയ്യുക!

# ലോകത്തെ സമാധാന കേന്ദ്രമാക്കുക.

സർവ്വലോക സ്രഷ്ടാവ് മുഴുവൻ മനുഷ്യരേയും വിശുദ്ധ പ്രകൃതിയിൽ സൃഷ്ടിച്ചു. മനുഷ്യരുടെ സൗകര്യത്തിനും ഉപയോഗത്തിനും വിവധ വസ്തുക്കളെ പടച്ചു. ലോകാനുഗ്രഹി റസൂലുല്ലാഹി (സ) അരുളി: ലോക വസ്തുക്കൾ നിങ്ങൾക്ക് വേണ്ടിയാണ് പടക്കപ്പെട്ടത് നിങ്ങളെ സൃഷ്ടിക്കപ്പെട്ടത് പടച്ചവന് പൊരുത്തമായ നിലയിൽ ജീവിച്ച് പരലോക വിജയം കരസ്ഥമാക്കാൻ വേണ്ടിയാണ്.! ഈ ലക്ഷ്യം പൂർത്തീകരിക്കാൻ മനുഷ്യൻ പരിശ്രമിച്ചാൽ പരലോക വിജയം കൂടാതെ ഇഹലോകത്തും സമാധാനവും സന്തോഷവും ലഭിക്കുന്നതാണ്.

ഗതകാലങ്ങളിൽ കഴിഞ്ഞ് പോയ പ്രവാചക വര്യന്മാരിലേക്കും ഉത്തമ വ്യക്തിത്വങ്ങളിലേക്കും നോക്കുക. അവർ പടച്ചവന് പൊരുത്തമായ ഗുണങ്ങൾ,സത്യവിശ്വാസ സൽകർമ്മങ്ങൾ ഉണ്ടാക്കിയെടുത്തു. അവരുടേയും അവരിലൂടെ മറ്റ് ജനങ്ങളിലൂടെയും ജീവിതങ്ങൾ ഐശര്യ പൂർണ്ണവും സമാധാന സുന്ദരവുമായിരുന്നു. അവർ എന്തങ്കിലും വഴക്കുകളും പ്രശ്നങ്ങളും ഉണ്ടാക്കുകയോ യുദ്ധവും കൊലയും ആരംഭിക്കുകയോ ചെയ്തിട്ടില്ല. പ്രത്യുത ലോക സമാധാനത്തിന് വേണ്ടി അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്തു.

എന്നാൽ ശപിക്കപ്പെട്ട പിശാച് മനുഷ്യരിൽ ചിലരെ തിരഞ്ഞെടുത്ത് അവരുടെ മനസ്സിലും മസ്തിഷ്കത്തിലും ദുർബോധനങ്ങൾ നിറക്കും. സ്വകാര്യം, വ്യക്തിപരം, ഗാർഹികം,കൗടുംബികം,ദേ

ശീയം,അന്തർദേശീയം എന്നിങ്ങനെ അവർ ബന്ധപ്പെടുന്ന സർവ്വ മേഖലകളിലും നന്മക്കും നിർമാണത്തിനും പകരം തിന്മയും നാശ നഷ്ടങ്ങളും ഉണ്ടാക്കും. ലോകം സമാധാനത്തിന്റെ പൂവനമാകുന്നതിന് പകരം പിടിവലികളുടെ കമ്പോളവും യുദ്ധഭൂമിയുമായി മാറും

പടച്ചവന്റെ ബോധനം (വഹ്യ്) അനുസരിച്ച് ജീവിക്കുന്നവരും പൈശാചിക ദുർബോധനം (വസ്‌വാസ്) പാലിച്ച് കഴിയുന്നവരും എല്ലാ കാലഘട്ടത്തിലും ഉണ്ടാകുന്നതാണ്. വിജയ പരാജയങ്ങൾ ഇരു വിഭാഗത്തിനും മാറിമാറി വരുമെങ്കിലും സത്യം വിജയ പരാജയങ്ങളുടെ രണ്ട് അവസ്ഥകളിലും മനുഷ്യർക്ക് നന്മ തന്നെയാണ്. അസത്യം ഇരു അവസ്ഥകളിലും നാശം തന്നെ. എല്ലാ കർമ്മങ്ങളുടേയും അടിസ്ഥാനം ഉദ്ദേശലക്ഷ്യങ്ങളാണ്, (ഓരോ പാത്രത്തിലും ഉള്ളത് പുറത്തേക്ക് പ്രവഹിക്കും എന്നീ  റസൂലുല്ലാഹി (സ) യുടെ ഈ വചനങ്ങൾ ഇതിലേക്കും സൂചിപ്പിക്കുന്നു)

ഇവിടെ ഒരു കാര്യം ഓർക്കണം. സർവ്വലോക സ്രഷ്ടാവിനും പടച്ചവന്റെ പ്രവാചകനിലും വിശ്വാസമില്ലാത്തവർ പിശാച് റാഞ്ചിയെടുത്തവരാണ്. അത് അവർ മനസ്സിലാക്കിയിരുന്നെങ്കിലും കാര്യം അങ്ങനെ തന്നെയാണ്. കാരണം ലോകത്ത്  അന്നുമുതൽ ഇന്ന് വരെ രണ്ട് ദർശനങ്ങൾ മാത്രമേ ഉള്ളു. ഒന്ന്, പടച്ചവന്റെ റഹ്മാനീ സരണിയും രണ്ട് പിശാചിന്റെ ഇബ്‌ലീസി മാർഗ്ഗവും. മൂന്നാമത്തെ മാർഗ്ഗം ഇനി ഉണ്ടാവുകയുമില്ല.

കഴിഞ്ഞ കാലം കഴിഞ്ഞുപോയി. നമ്മുടെ ജീവിതം നമ്മുടെ ഈ കാലത്താണ്. നാം നമ്മുടെ കാലത്തേയും ജീവിതത്തിനെയും കുറിച്ച് ആലോചിക്കുക. ഇന്ന് ലോകത്തെ ബഹുഭൂരിഭാഗം ജനങ്ങളും പൈശാചിക ദുർബോധനങ്ങളിൽ മുങ്ങിക്കിടക്കുകയാണ്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പരന്ന് കിടക്കുന്ന ക്ലബ്ബ്കൾ മുതൽ അന്താരാഷ്ട്ര കൂട്ടായ്മകളുടെ കേന്ദ്രങ്ങൾ വരെ,പൊതു വഴികളിലൂടെ നീങ്ങുന്ന വാഹനങ്ങൾ മുതൽ അന്തരീക്ഷത്തിൽ പറക്കുന്ന റോക്കറ്റുകൾ വരെ,അക്ഷരങ്ങൾ കുറിക്കുന്ന പാഠ ശാലകളിലും  ആഹാരം കഴിക്കുന്ന വീടുകളിലും ചുരക്കത്തിൽ ജീവിതത്തിന്റെ സർവ്വ മേഖലകളിലും പൈശാചിക ദുർബോധനങ്ങൾ നിറഞ്ഞ് കിടക്കുന്നു.  കഴിഞ്ഞ കാലങ്ങളിൽ മനുഷ്യ ബന്ധങ്ങൾ പരിമിതമായിരുന്നതിനാൽ ഈ ദുർബോധനങ്ങളും പരിമിതമായിരുന്നു. എന്നാൽ ഇന്ന് മാധ്യമങ്ങൾ

സുലഭമായതിനാൽ വസ്വാസുകളും അതിവേഗതയിലും വ്യപകമായും പ്രചരിച്ച് കൊണ്ടിരിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഇഹലോകം നിങ്ങൾക്ക് വേണ്ടി പടക്കപ്പെട്ടു എന്ന വാചകം മനുഷ്യർ പരിപൂർണ്ണ മായി കൊണ്ടാടുന്നുവെങ്കിലും നിങ്ങൾ പടച്ചവന് പൊരുത്തമായി ജീവിച്ച് ഇരു ലോകത്തും വിജയിക്കാനാണ് സൃഷ്ടിക്കപ്പെട്ടത് എന്ന കാര്യം പൊതുവിൽ മറന്നിരിക്കുകയാണ്. ഈ കാര്യം ഉണരാനും ഉണർത്താനുമുള്ള പ്രഥമ ബാധ്യത അന്ത്യ പ്രവാചകൻ മുഹമ്മദു റസൂലുല്ലാഹി (സ) യുടെ സമുദായത്തിനാണ്.

മറ്റൊരു കാര്യം കൂടി ഇവിടെ മനസ്സിലാക്കേണ്ടതായിട്ടുണ്ട്: ഉപര്യുക്ത കാര്യങ്ങൾ കേൾക്കുമ്പോൾ ഇന്ന് ധാരാളം നന്മകൾ ഒറ്റക്കും കൂട്ടായും പണ്ടത്തേക്കാൾ കൂടുതൽ നടക്കുന്നുണ്ടല്ലോ എന്ന ചിന്ത ഉണ്ടായേക്കാം. ഉദാഹരണത്തിന് വിദ്യാഭ്യാസ-കാർഷിക-നിർമ്മാണ-വ്യാപരങ്ങൾക്കുള്ള സേവനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, വിധവ അനാഥ അഗതി സഹായങ്ങൾ എന്നിങ്ങനെ പലതരം പ്രവർത്തനങ്ങൾ ഇന്ന് നടക്കുന്നുണ്ട്. പക്ഷേ ഇവകളിൽ എത്രമാത്രം പടച്ചവന്റെ പ്രീതി ലക്ഷ്യമാക്കുകയും പടച്ചവന് പൊരുത്തമായ മാർഗ്ഗം സ്വീകരിക്കുകയും ചെയ്യുന്നുണ്ട്? വ്യക്തിപരം, സാമുദായികം, രാഷ്ട്രീയം, എന്നിവയുടെ താൽപ്പര്യങ്ങളാണ് ലക്ഷ്യമാകുന്നത്. മാർഗ്ഗമാകട്ടെ പലപ്പോഴും പൈശാചിക ദുർബോധനങ്ങൾ അനുസരിച്ചാണുതാനും. അതുകൊണ്ടുതന്നെയാണ് വലിയ അധ്വാന ചിന്തകൾ നടത്തപ്പെട്ടിട്ടും ഫലം എതിരായി മാത്രം കാണപ്പെടുന്നത്.

ആകയാൽ ലോകത്തെയും മാനവരാശിയെയും സമാധാന സുന്ദര സമ്പൂർണ്ണമാക്കാൻ രണ്ട് വഴികൾ മാത്രമേ കാണുന്നുള്ളു. ഒന്ന്: നമ്മുടെയും മുഴുവൻ മനുഷ്യരുടെയും മനസ്സിലും മസ്തിഷ്കത്തിലും ഉള്ള ദുർബോധനങ്ങൾ ദൂരീകരിക്കുകയും ശാശ്വത യാഥാർത്ഥ്യങ്ങളായ ഇലാഹീ സന്ദേശങ്ങൾ നിറക്കുകയും ചെയ്യുക. രണ്ട്: അടിയുറച്ച വിശ്വാസവും നിരന്തര സൽക്കർമ്മങ്ങളും ആത്മാർത്ഥ സ്നേഹവും ഉള്ളവരെ മുന്നിൽ നിർത്തുക. ഇത്തരം ആളുകൾ മുന്നോട്ടുവന്ന് നേതൃത്വം ഏറ്റെടുക്കുകയും ചെയ്യുക. ഈ പാവപ്പെട്ട രിഫാഈ ഫഖീറിന്റെ വീക്ഷണത്തിൽ ഒന്നാമത്തെ മാർഗ്ഗം വളരെ എളുപ്പമായതിനാൽ അതിൽ കൂടുതൽ ശ്രദ്ധ ചെലുത്തുകയും പരിശ്രമം നടത്തുകയും ചെയ്യണമെന്ന് മുഴുവൻ സഹോദരങ്ങളെയും ഉപദേശിക്കുന്നു.

# സൽസ്വഭാവം: പ്രവാചക ജീവിതത്തിന്റെ വെളിച്ചത്തിൽ

മനുഷ്യന്റെ കാർമ്മിക ജീവിതത്തിന്റെ ശീർഷകമാണ് സ്വഭാവം. സ്വഭാവത്തിൽ അത്യുന്നതനായിരുന്നു ലോകാനുഗ്രഹി മുഹമ്മദുർറസൂലുല്ലാഹി (സ). പരിശുദ്ധഖുർആൻ വ്യക്തമായി പ്രഖ്യാപിക്കുന്നു: തീർച്ചയായും താങ്കൾ സമുന്നത സ്വഭാവത്തിന്റെ മേലാകുന്നു. (ഖലം 4). റസൂലുല്ലാഹി (സ) യുടെ സ്വഭാവ സവിശേഷതകളെ ഒരിടത്ത് ഇപ്രകാരം വർണ്ണിക്കുന്നു: തീർച്ചയായും നിങ്ങളിൽ നിന്നു തന്നെ ഒരു ദൂതൻ നിങ്ങളിലേക്ക് വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് ആ ദൂതന് വലിയ പ്രയാസമാണ്. നിങ്ങളുടെ നന്മ അതിയായി ആഗ്രഹിക്കുന്നവരും സത്യവിശ്വാസികളോട് വലിയ അലിവും കാരുണ്യമുള്ളവരുമാണ്. (തൗബ 128). മറ്റൊരിടത്ത് പ്രസ്താവിക്കുന്നു: അല്ലാഹുവിന്റെ കാരുണ്യം കാരണമാണ് താങ്കൾ അവരോട് മയംകാട്ടുന്നത്. താങ്കൾ പരുഷസ്വഭാവിയും കഠിനമാനസനും ആയിരുന്നെങ്കിൽ അവർ താങ്കളുടെ അരികിൽ നിന്നും ഓടിപ്പോകുമായിരുന്നു. ആകയാൽ അവർക്ക് പൊറുത്തുകൊടുക്കുകയും പാപമോചനം തേടുകയും കാര്യങ്ങളിൽ കൂടിയാലോചിക്കുകയും ചെയ്യുക. തീരുമാനമെടുത്താൽ അല്ലാഹുവിന്റെമേൽ ഭരമേല്പിക്കുക. തീർച്ചയായും ഭരമേൽപ്പിക്കുന്നവരെ അല്ലാഹു സ്നേഹിക്കുന്നു. (ആലി ഇംറാൻ 159). ഇതിൽ പറയപ്പെട്ട ഓരോ ഗുണങ്ങളും സൽസ്വഭാവത്തിന്റെ മഹനീയ മാതൃകകളാണ്.

ആശഇ സിദ്ദീഖ (റ) യുടെ അരികിൽ ഏതാനും സഹാബികൾ വന്നു. റസൂലുല്ലാഹി (സ) യുടെ സ്വഭാവത്തെക്കുറിച്ച് ചോദിച്ചു. ആഇശ (റ) പറഞ്ഞു: റസൂലുല്ലാഹി (സ) യുടെ സ്വഭാവം പരിശുദ്ധ

ഖുർആൻ ആയിരുന്നു (അബൂദാവൂദ്). പരിശുദ്ധഖുർആനിൽ പരാമർശിക്കപ്പെട്ട സകല സൽസ്വഭാവങ്ങളുടെയും കാർമ്മിക വിശദീകരണം റസൂലുല്ലാഹി (സ) യുടെ ജീവിതത്തിൽ കാണാൻ കഴിയുന്നതാണ്.

റസൂലുല്ലാഹി (സ) യുടെ പ്രവാചകത്വത്തിന് മുമ്പുള്ള സ്വഭാവ സവിശേഷതകൾ ഖദീജ (റ) ഇപ്രകാരം സാക്ഷ്യപ്പെടുത്തി: കുടുംബ ബന്ധങ്ങൾ ചേർക്കുമായിരുന്നു. സാധുക്കളെ സഹായിക്കുമായിരുന്നു. അതിഥികളെ സൽക്കരിക്കുമായിരുന്നു. അപകടത്തിൽ പെട്ടവരെ സഹായിക്കുമായിരുന്നു. സത്യത്തെ പിന്തുണക്കുമായിരുന്നു. (ബുഖാരി). പ്രവാചത്വത്തിന് ശേഷം ഈ ഗുണങ്ങൾ പ്രകാശത്തിന്റെ മേൽ പ്രകാശമായി മാറി.

അലിയ്യ് (റ) വിവരിക്കുന്നു: "റസൂലുല്ലാഹി (സ)പ്രകൃതിപരമായി മോശമായ സംസാരങ്ങളിൽ നിന്നും ലജ്ജാവഹമായ പ്രവർത്തനങ്ങളിൽ നിന്നും അകന്നു കഴിഞ്ഞിരുന്നു. മനപ്പൂർവം മോശമായ പ്രവൃത്തികൾ ചെയ്യുമായിരുന്നില്ല. അങ്ങാടിയിലൂടെ ആർത്തട്ടഹസിച്ചു നടക്കുന്നവരായിരുന്നില്ല. തിന്മയോട് തിന്മ കൊണ്ട് പ്രതികരിച്ചിരുന്നില്ല. മറിച്ച് അവഗണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്തിരുന്നു. ജിഹാദിന്റെ സന്ദർഭത്തിലൊഴികെ ഒന്നിനെയും തിരുകരങ്ങൾ കൊണ്ട് അടിച്ചിട്ടില്ല. ഭൃത്യന്മാരെയോ ഭാര്യമാരെയോ മർദ്ദിച്ചിട്ടില്ല. അല്ലാഹുവിന്റെ നിയമങ്ങൾ പിച്ചിച്ചീന്തപ്പെടുമ്പോഴല്ലാതെ അതിക്രമം പ്രവർത്തിച്ചവരോട് പ്രതികാരം ചെയ്തിട്ടില്ല. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമായ പ്രവൃത്തി കാണുമ്പോൾ ജനങ്ങളിൽ എറ്റവും കൂടുതൽ ദേഷ്യപ്പെടുന്നത് റസൂലുല്ലാഹി (സ) ആയിരുന്നു. രണ്ടിലൊരു കാര്യം തെരഞ്ഞെടുക്കേണ്ടി വരുമ്പോൾ എറ്റവും എളുപ്പമായതു തെരഞ്ഞെടുക്കും. സ്വന്തം വീട്ടിൽ സാധാരണക്കാരെപ്പോലെ വസ്ത്രങ്ങൾ വൃത്തിയാക്കുകയും ആടുകളെ കറക്കുകയും മറ്റാവശ്യങ്ങളെല്ലാം സ്വയം നിർവഹിക്കുകയും ചെയ്തിരുന്നു.

"അനാവശ്യ കാര്യങ്ങളിൽ നിന്നു നാവിനെ സൂക്ഷിച്ചിരുന്നു. ആവശ്യമുള്ള കാര്യങ്ങൾക്കു വേണ്ടി മാത്രമെ നാക്കിനെ ചലിപ്പിച്ചിരുന്നുള്ളൂ. ഓരോ വിഭാഗത്തിലെയും ശ്രേഷ്ഠരെ ആദരിക്കുകയും തന്റെ വിഭാഗത്തിന്റെ ഉത്തരവാദിത്വമേൽക്കുകയും ചെയ്തിരുന്നു. ജനങ്ങളുടെ ഉപദ്രവങ്ങളിൽ നിന്നു സ്വയം സൂക്ഷ്മത പാലിച്ചിരുന്നു. എന്നാൽ, ആരോടും മുഖം കറുപ്പിച്ചു കാണിക്കുകയോ നല്ല പെരുമാറ്റം ഉപേക്ഷിക്കുകയോ ചെയ്തിരുന്നില്ല.സ്വഹാബികളിൽ ആരെയെങ്കിലും കണ്ടില്ലെങ്കിൽ അന്വേഷിക്കുമായിരുന്നു. ജനങ്ങളിൽ നടക്കുന്ന കാര്യ

ങ്ങൾ അവരോട് അന്വേഷിച്ച് മനസ്സിലാക്കുമായിരുന്നു. നന്മകളെ നന്നായി കാണുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും മോശമായ വയെ മോശമായി കാണുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യും. കാര്യങ്ങളിൽ മധ്യമ നിലപാട് സ്വീകരിക്കുമായിരുന്നു. ജനങ്ങൾ അവ ഗണിക്കുകയും മടി കാണിക്കുകയും ചെയ്യുമോ എന്നു ഭയന്ന് എല്ലാ കാര്യങ്ങളിലും അവിടുന്ന് ജാഗ്രത പുലർത്തിയിരുന്നു. ഓരോ അവ സ്ഥയ്ക്കും അനുയോജ്യമായ ഒരുക്കങ്ങൾ നടത്തിയിരുന്നു. കാര്യങ്ങൾ തുറന്നു പറയുന്നതിൽ കുറവ് വരുത്തുകയോ കൂട്ടുകയോ ചെയ്തിരു ന്നില്ല. തിരുദൂതരോട് ഏറ്റവും കൂടുതൽ അടുപ്പം കരസ്ഥമാക്കിയവർ ജനങ്ങളിലെ ഏറ്റവും ഉത്തമരായ ആളുകളായിരുന്നു. റസൂലിനടുത്ത് ഏറ്റവും കൂടുതൽ ശ്രേഷ്ഠതയും സ്ഥാനവുമുണ്ടായിരുന്നത് കൂടുതൽ നന്മ ചെയ്യുകയും സ്വന്തം സമ്പത്തും ശരീരവും ഉപയോഗിച്ച് ജനങ്ങ ളുടെ അവസ്ഥ നന്നാക്കാൻ പരിശ്രമിക്കുകയും അവരെ സഹായിക്കു കയും ചെയ്യുന്നവർക്കായിരുന്നു. ഇരിക്കുമ്പോഴും എഴുന്നേൽക്കു മ്പോഴും അല്ലാഹുവിനെ സ്മരിച്ചിരുന്നു. ആളുകളെ കവച്ചു കടക്കാതെ സദസ്സ് എത്തിനിൽക്കുന്നിടത്ത് ഇരിക്കുകയും അപ്രകാരം ചെയ്യാൻ കല്പിക്കുകയും ചെയ്തു. ഓരോ സദസ്യനും അർഹതയ്ക്കനുസരിച്ച് സ്ഥാനങ്ങൾ നൽകിയിരുന്നു. അവിടുത്തെ സദസ്സിലിരിക്കുന്ന ഒരാൾക്കും തന്നെക്കാൾ ശ്രേഷ്ഠതയുള്ള ആരെങ്കിലും ആ സദ സ്സിലുണ്ടെന്ന് തോന്നിയിരുന്നില്ല. ആരെങ്കിലും കൂട്ടത്തിൽ വന്നിരിക്കു കയോ എന്തെങ്കിലും ആവശ്യത്തിനായി പറയുകയോ ബന്ധപ്പെടു കയോ ചെയ്താൽ അദ്ദേഹം സ്വയം പിരിഞ്ഞു പോകുന്നതുവരെ റസൂ ലുല്ലാഹി (സ) ക്ഷമയോടെ നിന്നിരുന്നു. എന്തെങ്കിലും ആവശ്യപ്പെട്ടു വരുന്നവരെ അത് നിർവ്വഹിച്ചു കൊടുക്കാതെ മടക്കിയിരുന്നില്ല. എന്തെ ങ്കിലും കാരണത്താൽ അത് നിർവ്വഹിച്ചു കൊടുക്കാൻ സാധിക്കുന്നി ല്ലെങ്കിൽ നല്ല വാക്കുകൾ പറഞ്ഞ് മടക്കി അയച്ചിരുന്നു. ജനങ്ങൾക്കു വേണ്ടി തന്റെ മനസ്സ് തുറന്ന് വെക്കുകയും നല്ല സ്വഭാവത്തോടെ അവ രോട് പെരുമാറുകയും ചെയ്തിരുന്നു. റസൂലുല്ലാഹി (സ) അവർക്ക് പിതാവു പോലെയായിരുന്നു. അവർ റസൂലുല്ലാഹി (സ) യുടെയടുത്ത് അവകാശങ്ങളിൽ തുല്യ പങ്കാളികളായിരുന്നു. റസൂലുല്ലാഹി (സ)യുടെ സദസ്സുകൾ അറിവിന്റെയും ലജ്ജയുടെയും ക്ഷമയുടെയും വിശ്വസ്ത തയുടെയും സദസ്സുകളായിരുന്നു. ശബ്ദ കോലാഹലങ്ങളും ആരോ പണപ്രത്യാരോപണങ്ങളും ആരുടെയെങ്കിലും ന്യൂനത പരസ്യപ്പെടു ത്തലും നിന്ദിക്കലും അവിടെ ഉണ്ടായിരുന്നില്ല. എല്ലാവരും സമന്മാരാ

യിരുന്നു. അല്ലാഹുവിനോടുള്ള ഭയഭക്തിയാണ് ആളുകളെ ശ്രേഷ്ഠരാക്കിയിരുന്നത്. ആ സദസ്സുകളിൽ ജനങ്ങൾ മുതിർന്നവരെ ആദരിക്കുകയും ഇളയവരോട് കരുണകാണിക്കുകയും ചെയ്തിരുന്നു. ആവശ്യക്കാർക്കു മുൻഗണനന നല്കിയിരുന്നു. പരദേശികൾക്ക് സംരക്ഷണം കൊടുത്തിരുന്നു".

അലിയ്യ് (റ) തുടരുന്നു: "റസൂലുല്ലാഹി (സ) സദാ മുഖപ്രസന്നതയുള്ളവരും സൽസ്വഭാവിയുമായിരുന്നു. കഠിനവാക്കുകൾ പറയുന്നവനോ പരുഷ പ്രകൃതിക്കാരനോ ആർത്തട്ടഹസിച്ചു നടക്കുന്നയാളോ ആളുകളെ ആക്ഷേപിക്കുന്നവനോ ലുബ്ധനോ ആയിരുന്നില്ല. ഇഷ്ടമില്ലാത്ത കാര്യങ്ങൾ അവഗണിച്ചിരുന്നു. എന്നാൽ, അതിൽനിന്നു മറ്റുള്ളവരെ നിരാശപ്പെടുത്തുകയുമില്ല. മൂന്നു കാര്യങ്ങളിൽ നിന്നും പൂർണ്ണമായും ഒഴിവായിരുന്നു. തർക്കം, അഹങ്കാരം, അനാവശ്യ കാര്യങ്ങൾ. ജനങ്ങളെ മൂന്നു കാര്യങ്ങളിൽ നിന്നും ഒഴിവാക്കി. അതായത്, ആരെയും ആക്ഷേപിക്കുകയില്ലായിരുന്നു. ന്യൂനത തേടിപ്പിടിക്കുകയില്ലായിരുന്നു. അവരുടെ രഹസ്യങ്ങൾ അന്വേഷിക്കുകയില്ലായിരുന്നു. പ്രതിഫലം ലഭിക്കുമെന്നു പ്രതീക്ഷിക്കുന്ന വിഷയങ്ങളിലല്ലാതെ റസൂലുല്ലാഹി (സ) സംസാരിച്ചിരുന്നില്ല.

തിരുമേനി സംസാരിക്കുമ്പോൾ സദസ്യർ അവരുടെ തലകളിൽ പക്ഷികളിരിക്കുന്നതുപോലെ നിശബ്ദതയോടെയും അച്ചടക്കത്തോടെയും ശ്രദ്ധിച്ചിരുന്നു. സംസാരം നിർത്തുമ്പോൾ എന്തെങ്കിലും പറയുവാനുള്ളവർ അതു പറയും. റസൂലിന്റെ അടുക്കൽ വെച്ച് അവർ തർക്കിച്ചിരുന്നില്ല. സദസ്സിലൊരാൾ സംസാരിക്കുമ്പോൾ അദ്ദേഹം നിർത്തുന്നത് വരെ മറ്റുള്ളവർ സംസാരിച്ചിരുന്നില്ല. എത്ര കൂടുതൽ ആളുകൾ സംസാരിച്ചാലും താൽപര്യപൂർവം തിരുനേി അവരെയെല്ലാം ശ്രദ്ധിച്ചിരുന്നു. അവരുടെ തമാശകളിൽ പങ്കുചേരുകയും അവർ ചിരിക്കുമ്പോൾ അവിടുന്ന് അതുപോലെ ചിരിക്കുകയും അത്ഭുതപ്പെടുമ്പോൾ അത്പോലെ അത്ഭുതപ്പെടുകയും ചെയ്തിരുന്നു. പരദേശികളുടെ കഠിന സംസാരങ്ങളും ചോദ്യങ്ങളും ക്ഷമിച്ചിരുന്നു. അവസാനം സ്വഹാബികൾ ഇത്തരക്കാരെ അവരിലേക്ക് വിളിച്ചു റസൂലിൽനിന്നു മാറ്റിനിർത്തിയിരുന്നു. റസൂലുല്ലാഹി (സ) ഇപ്രകാരം അരുളുമായിരുന്നു: "ആവശ്യക്കാരാരെയെങ്കിലും കണ്ടാൽ അവരെ നിങ്ങൾ സഹായിക്കുക." അനുയോജ്യമായ അളവിൽ മാത്രമേ പ്രശംസകൾ സ്വീകരിച്ചിരുന്നുള്ളൂ. പരിധിലംഘിക്കുന്നത് വരെ ഒരാളുടെ സംസാരത്തെയും

തടഞ്ഞിരുന്നില്ല. അനുവദനീയമല്ലാത്തവ സംസാരിക്കുമ്പോൾ വില ക്കുകയോ സദസ്സിൽ നിന്നെഴുന്നേറ്റു പോവുകയോ ചെയ്തു കൊണ്ട് സംസാരം നിർത്തിക്കുമായിരുന്നു.

ജനങ്ങളിലേറ്റവും വിശാല ഹൃദയമുള്ളവരും സത്യം മാത്രം സംസാ രിക്കുന്നവരും മയമായ പ്രകൃതക്കാരനും ശ്രേഷ്ഠമായ കുടുംബ പാര മ്പര്യമുള്ളവരുമായിരുന്നു റസൂലുല്ലാഹി (സ) ആദ്യമായി തിരുമേനിയെ കാണുന്നവർ ഗാംഭീര്യം കണ്ട് ഭയന്നുപോകുമായിരുന്നു. എന്നാൽ റസൂ ലുമായി ഇടപഴകിയാൽ സ്നേഹിക്കുമായിരുന്നു. തിരുദൂതരെ വർണി ച്ചവരെല്ലാം പറയുന്നു: 'റസൂലിനു മുമ്പും ശേഷവും അവിടുന്നിനു തുല്യനായ ഒരാളെയും ഞാൻ കണ്ടിട്ടില്ല.' (ഉദ്ധരണി: വിശ്വനായകൻ/ ശൈഖുനാ അല്ലാമാ മുഹമ്മദ് റാബിഅ് നദ്‌വി).

ചുരുക്കത്തിൽ റസൂലുല്ലാഹി (സ) സമുന്നത സ്വഭാവങ്ങളുടെ ഉദാത്ത മാതൃകയാണ്. അല്ലാഹു തന്നെ അറിയിച്ചു: അല്ലാഹുവിന്റെ റസൂലിൽ നിങ്ങൾക്ക് ഉത്തമ മാതൃകയുണ്ട്. (അഹ്സാബ് 16). പ്രവാ ചകൻ കൊണ്ടുവന്നത് സ്വീകരിക്കുക. തടഞ്ഞത് വർജ്ജിക്കുക. (ഹഷ്ർ (7). നബിയേ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹക്കുന്നെങ്കിൽ എന്നെ പിൻപറ്റുക. (ആലിഇംറാൻ 31). പ്രവാചകരെ, സർവ്വലോക ങ്ങൾക്കും കാരുണ്യമായി മാത്രമാണ് നാം താങ്കളെ അയച്ചിട്ടുള്ളത്. (അമ്പിയാഅ് 107).

റസൂലുല്ലാഹി (സ) യുടെ പ്രധാനപ്പെട്ട ചിലഗുണങ്ങൾ കാരുണ്യവും സ്നേഹവും സഹാനുഭൂതിയുമാണ്. റസൂലുല്ലാഹി (സ) സാധുക്കളുടെ സ്നേഹിതനും സത്യത്തിന്റെ ഉറവിടവും വേദനിക്കുന്നവർക്ക് ആശ്വാ സവും വിനയത്തിന്റെ മാതൃകയും സാഹോദര്യത്തിന്റെ സ്ഥാപകനും ആശ്രയം അറ്റവരുടെ ആശ്രയവും പാവങ്ങളുടെ കൂട്ടാളിയും സഹന തയുടെ ഖനിയും കാരുണ്യത്തിന്റെ സാഗരവും അനാഥരുടെ അഭയവും ആയിരുന്നു. കാരുണ്യം എന്ന വാക്ക് പരിപൂർണ്ണമായി അനർഥമായി രുന്നു. റസൂലുല്ലാഹി (സ) യുടെ ഈ ഗുണങ്ങൾ അതേ പടി പരി പൂർണ്ണമായി പകർത്താൻ നമുക്ക് ശേഷിയില്ലെങ്കിലും കഴിവിന്റെ പര മാവധി പഠിക്കാനും പകർത്താനും പ്രചരിപ്പിക്കാനും നാം പരിശ്രമി ക്കേണ്ടതാണ്. അല്ലാഹു ഉദവി നൽകട്ടെ.

## ഖബ്ർ സിയാറത്തും ഈസാൽ സവാബും.

റസൂലുല്ലാഹി (സ) യിലൂടെ സമുദായത്തിന് ലഭിച്ച അമൂല്യമായ രണ്ട് മഹൽകർമ്മങ്ങളാണ് ഖബ്ർ സിയാറത്തും ഈസാൽ സവാബും. (ഖബ്റുകൾ സന്ദർശിക്കലും മരണപ്പെട്ട് പോയവർക്ക് നന്മകൾ ചെയ്ത് പ്രതിഫലം എത്തിച്ചുകൊടുക്കലും). ഇതിലൂടെ മരണപ്പെട്ടുപോയ മർഹൂമുകൾക്ക് വലിയ സമാധാനവും സന്തോഷവും ഉണ്ടാകുന്നതും ഇത് ചെയ്യുന്നവരിൽ വലിയ ഗുണങ്ങൾ സിദ്ധിക്കുന്നതുമാണ്. ഖബ്ർ സിയാറത്തിലൂടെ ഭൗതിക വിരക്തിയുണ്ടാവുകയും മനസ്സ് മയപ്പെടുകയും ചെയ്യുന്നതാണ്. ബന്ധുമിത്രങ്ങളുടെ ഈ ഗുണങ്ങൾ കാരണം മരിച്ചുപോയ മർഹൂമുകൾക്ക് വലിയ സന്തുഷ്ടിയും സംതൃപ്തിയും ലഭിക്കുന്നതുമാണ്.

സർവ്വ നാശങ്ങളുടെയും വേര് മനസ്സിന്റെ കാഠിന്യമാണ്. ഇതിലൂടെ ഭൗതിക സ്നേഹം മനസ്സിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്. മനസ്സിന്റെ കാഠിന്യത മാറി മനസ്സിൽ മയം ഉണ്ടായിത്തീർന്നാൽ വിശ്വാസ കർമ്മങ്ങളിലെ സർവ്വ കുഴപ്പങ്ങളും നന്നായിത്തീരുന്നതാണ്. റസൂലുല്ലാഹി (സ) അരുളി: മനുഷ്യശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് ശരിയായാൽ ശരീരം മുഴുവൻ നന്നാകുന്നതാണ്. അത് ചീത്തയായാൽ ശരീരം മുഴുവൻ ചീത്തയാകുന്നതാണ്. അറിയുക, അത് ഹൃദയമാണ്. (ബുഖാരി).

ഖബ്റുകൾ സിയാറത്ത് ചെയ്യുകയും മരിച്ചവർക്ക് പ്രതിഫലം എത്തിച്ചുകൊടുക്കുകയും ചെയ്യുന്നവർക്ക് സ്വന്തം മരണത്തെക്കുറിച്ച് ഓർമ്മ വരുന്നതും പരലോകത്തെക്കുറിച്ച് ഉണരുന്നതും ഭൗതിക താൽപ്പര്യം കുറയുന്നതുമാണ്. റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ

ഖബ്റുകൾ സിയാറത്ത് ചെയ്യുക. അത് ഭൗതികവിരക്തിയുണ്ടാക്കുന്നതും പരലോകത്തെ ഉണർത്തുന്നതുമാണ്. (മുസ്ലിം). തീർച്ചയായും അതിൽ വലിയ ഗുണപാഠങ്ങളുണ്ട്. (അഹ്മദ്). തീർച്ചയായും അത് മരണത്തെ ഓർമ്മിപ്പിക്കുന്നതാണ്. (മുസ്ലിം, യഥാക്രമം ഇബ്നുമസ്ഊദ് (റ), അബൂസഈദ് ഖുദ്രി (റ), അബൂഹുറയ്റ (റ) എന്നിവരിൽ നിന്നും നിവേദനം.).

ഖബ്റുകൾ നിരന്തരം സിയാറത്ത് ചെയ്യുന്നതിലൂടെ മനസ്സുകളിൽ മയവും വിശാലതയും ഉണ്ടാകുന്നതും ഇത് ശരീരത്തിലും പ്രകടമാകുന്നതുമാണ്. സിയാറത്ത് നിരന്തരമാക്കിയാൽ മയത്തിന്റെ ഗുണം കൂടുതൽ ശക്തിപ്പെടുന്നതും സമ്പൂർണ്ണമാകുന്നതുമാണ്. സമ്പൂർണ്ണ മയത്തിലൂടെ സത്യവിശ്വാസി പടച്ചവന് മുന്നിൽ വിനയാന്വിതനും ആവശ്യക്കാരനുമായി മാറുന്നതാണ്. ഈ വിനയാനിത അവസ്ഥക്കാണ് അടിമത്വം എന്ന് പറയപ്പെടുന്നത്. ഈ അടിമത്വം നിരന്തരം നിലനിർത്തലും വളർത്തലുമാണ് മനുഷ്യസൃഷ്ടിപ്പിന്റെ ലക്ഷ്യം.(ദാരിയ്യാത്ത് 59). ഇത്തരുണത്തിൽ ഖബ്ർ സിയാറത്തിനും ഈസാൽ സവാബിനും പ്രേരണ കൊടുക്കുന്നത് മനുഷ്യന്റെ മഹൽഗുണമായ അടിമത്വം ഉണ്ടാക്കിയെടുക്കാനും നിലനിർത്താനും ശക്തിപ്പെടുത്താനുമുള്ള ഉദ്ബോധനം കൂടിയാണ്.

ഖബ്ർ സിയാറത്ത്, ഈസാൽ സവാബുകളിലൂടെ ഇത് ചെയ്യുന്നവർക്ക് വലിയ പ്രയോജനം ഉണ്ടാകുന്നതിനോടൊപ്പം മർഹൂമുകൾക്കും വലിയ ആശ്വാസവും സന്തോഷവും സഹായവും ലഭിക്കുന്നതാണ്. അതുകൊണ്ട് തന്നെ മർഹൂമുകൾ ബന്ധുമിത്രങ്ങളുടെ പ്രാർത്ഥനകളെ ആഗ്രഹിച്ച് കഴിയുന്നതാണെന്ന് ഉണർത്തിക്കൊണ്ട് റസൂലുല്ലാഹി (സ) അരുളി: മരിച്ചവരുടെ അവസ്ഥ സഹായിയെ പ്രതീക്ഷിച്ച് വെള്ളത്തിൽ മുങ്ങുന്നവനെപ്പോലെയാണ്. പിതാവ്, സഹോദരൻ, സുഹൃത്ത് ഇവരിൽ നിന്നും എത്തിച്ചേരുന്ന പ്രാർത്ഥനകളെ മയ്യിത്ത് പ്രതീക്ഷിച്ച് കഴിയുന്നതാണ്. അത് വല്ലതും എത്തിച്ചേർന്നാൽ അത് അവർക്ക് മുഴുവൻ ലോകത്തേക്കാളും പ്രിയങ്കരമായിരിക്കും. (ബൈഹഖി).

ഖബ്ർ സിയാറത്തിനും ഈസാൽ സവാബിനും ഇപ്രകാരം വലിയ പ്രേരണകൾ ഉള്ളതിനോടൊപ്പം ഒരു ശക്തമായ നിർദ്ദേശം കൂടിയുണ്ട്. അതായത് ഇതിന് റസൂലുല്ലാഹി (സ) യും സഹാബത്തും സുന്നത്താക്കിയ മാർഗ്ഗങ്ങളും ഫുഖഹാഅ് മഹത്തുക്കൾ വിവരിച്ച മര്യാദകളും കഴിവിന്റെ പരമാവധി പഠിക്കാനും പകർത്താനും പ്രചരിപ്പി

ക്കാനും ശ്രദ്ധിക്കേണ്ടതാണ്. കാരണം സുന്നത്തുകളും മര്യാദകളും പാലിച്ചാൽ മാത്രമേ ഓരോ കരമ്മങ്ങളുടെയും യഥാർത്ഥ ഫലങ്ങൾ ലഭിക്കുകയുള്ളൂ. ആകയാൽ സുന്നത്ത് മര്യാദകൾക്ക് എതിരായ കാര്യങ്ങൾ എല്ലാം ഉപേക്ഷിക്കുക. സുന്നത്തും മര്യാദകളും അടങ്ങിയ മാർഗ്ഗം സ്വീകരിക്കുകയും പതിവാക്കുകയും ചെയ്യുക. ഇതാണ് സർവ്വലോക പരിപാലകനായ അല്ലാഹുവിന്റെ കൽപ്പന. പ്രവാചകൻ നിങ്ങൾക്ക് എത്തിച്ചുതന്ന കാര്യങ്ങളെ മുറുകെ പിടിക്കുക. നിരോധിച്ച കാര്യങ്ങളെ വർജ്ജിക്കുക. (ഹഷ്ർ 7).

ഖബ്ർ സിയാറത്ത് ഈസാൽ സവാബുകളുടെ വിഷയത്തിൽ മുസ്ലിംകൾക്കിടയിൽ മൂന്ന് അവസ്ഥകൾ ഇന്ന് കാണപ്പെടുന്നുണ്ട്. ഒരു കൂട്ടം ആളുകൾ ഒന്നും ചെയ്യുന്നില്ല. ഇവർക്ക് ഇതിൽ അറിവും വിശ്വാസവും ഇല്ല. മറ്റൊരു കൂട്ടം ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളും അനാചാരങ്ങളും ചെയ്തുകൂട്ടിക്കൊണ്ടിരിക്കുന്നു. വേറൊരു കൂട്ടർക്ക് ഇതിനെക്കുറിച്ച് അറിവും വിശ്വാസവും ഉണ്ടെങ്കിലും ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു. ഈ മൂന്ന് കൂട്ടം ജനങ്ങളെയും നേരായ മാർഗ്ഗത്തിലേക്ക് ക്ഷണിക്കാൻ ഈ ഫഖീർ ആഗ്രഹിക്കുന്നു. അല്ലാഹു കാര്യങ്ങൾ ശരിയാംവിധം മനസ്സിലാക്കാനും ഉൾക്കൊള്ളാനും ഉതവി നൽകട്ടെ.

### ഖബ്ർ സിയാറത്തും പ്രവാചക ചര്യയും

റസൂലുല്ലാഹി (സ) ഖബ്ർ സിയാറത്തുമായി ബന്ധപ്പെട്ട് മൂന്ന് കാര്യങ്ങളാണ് ചെയ്തിരുന്നത്. ഒന്ന്, ഖബ്ർ സിയാറത്തിനെ പ്രേരിപ്പിച്ചിരുന്നു. ഇതിന്റെ വിവരണം വന്നുകഴിഞ്ഞു. രണ്ട്, രാവും പകലും ഇടക്കിടെ ഖബ്റുകൾ സിയാറത്ത് ചെയ്യുമായിരുന്നു. വിശിഷ്യാ പുലർക്കാലത്ത് ബഖീഅ് സന്ദർശിച്ച് സലാം പറയുമായിരുന്നു എന്ന് ആഇശ (റ) പ്രസ്താവിക്കുന്നു. (മുസ്ലിം). ഈ സമയവും ഇതുപോലുള്ള ഏകാന്തതയുടെ സന്ദർഭങ്ങളുമാണ് സിയാറത്തിന് ഏറ്റവും യോജിച്ചതെന്ന് ഈ ഹദീസ് അറിയിക്കുന്നു. ഇതിൽ ഏകാഗ്രതയും പ്രകടന രാഹിത്യവും ഉണ്ടാകുന്നതുമാണ്. മൂന്ന്, റസൂലുല്ലാഹി (സ) സഹാബത്തിന്റെ ഇടയിൽ വെച്ച് സിയാറത്ത് ചെയ്യുമായിരുന്നു. അബൂഹുറയ്റ (റ) വിവരിക്കുന്നു: റസൂലുല്ലാഹി (സ) മാതാവിന്റെ ഖബ്ർ സിയാറത്ത് ചെയ്യുകയും കരയുകയും ചെയ്തു. (മുസ്ലിം). മുഹമ്മദുബ്നു നുഅ്മാൻ (റ) നിവേദനം മാതാപിതാക്കളുടെ ഖബ്ർ വെള്ളിയാഴ്ച ദിവസം സിയാറത്ത് ചെയ്യുന്നവന് പൊറുക്കപ്പെടുന്നതും അനുസരണയുള്ളവനായി എഴുതപ്പെടുന്നതുമാണ്.(ബൈഹഖി). ഉസ്മാൻ (റ)

ഖബ്ർ സിയാറത്ത് ചെയ്യുമ്പോൾ താടി നനയത്തക്ക നിലയിൽ കര യുമായിരുന്നു. (തിർമിദി). ...... ഉദ്ധരണി സ്വദഖയുടെ മഹത്വങ്ങൾ. ചുരു ക്കത്തിൽ ഖബ്ർ സിയാറത്ത് സുന്നത്തും സഹാബികളുടെയും മഹാ ത്മാക്കളുടെയും പതിവുമാണ്. മുസ്‌ലിം സമുദായം അന്നുമുതൽ ഇന്നു വരെ ഖബ്ർ സിയാറത്ത് നടത്തുന്നവരാണ്. ഇതിന് നാല് മഹത്തായ ഗുണങ്ങളുണ്ട്. ഒന്ന്, മരണ സ്മരണ. രണ്ട്, ഭൗതിക താൽപ്പര്യം കുറ ക്കൽ, മൂന്ന്, പരലോകത്തെ ഉണർത്തൽ. നാല്, ഗുണപാഠങ്ങൾ പഠി പ്പിക്കൽ.

എന്നാൽ ഖബ്ർ സിയാറത്തിന് ഏതാനും മര്യാദകളുണ്ട്. ഒന്ന്, കഴി യുന്നവരെല്ലാം നിന്ന് സിയാറത്ത് ചെയ്യേണ്ടതാണ്. (നവവി, മുസ്‌ലിം). രണ്ട്, കഴിവിന്റെ പരമാവധി ദീർഘനേരം നിൽക്കുക. ഇന്ന് ആളുകൾ ദൃതിപിടിച്ച് സിയാറത്ത് ചെയ്ത് ഓടുന്ന പതിവുണ്ട്. ഇത് നല്ലതല്ല. വിനീതന്റെ ശൈഖ് മൗലാനാ ശൈഖുൽ ഹദീസ് മുഹമ്മദ് സകരിയ്യാ (റ) മണിക്കൂറുകളോളം സിയാറത്തിലായി കഴിച്ചുകൂട്ടുന്നത് വിനീതൻ നേരിൽ കണ്ടിട്ടുണ്ട്. മൂന്ന്, ദുആ ഇരക്കുക. ഇത് കൈ ഉയർത്തി ക്കൊണ്ടോ താഴ്ത്തിക്കൊണ്ടോ ആകാവുന്നതാണ്. പക്ഷേ ഹൃദയ സാന്നിധ്യം മുറുകെപിടിച്ചുകൊണ്ട് ദുആ ഇരക്കുക. നാല്, ദീർഘനേരം ദുആ ഇരക്കുക. (നവവി). അഞ്ച്, ഖിബ്‌ലയെ അഭിമുഖീകരിച്ചുകൊണ്ട് ദുആ ഇരക്കുക. (ബിനായ). സിയാറത്തിന്റെ അവസാനത്തിൽ സലാം പറയുകയും നസ്അലുല്ലാഹ ലനാ വലക്കും അൽ ആഫിയ (പടച്ച വൻ ഞങ്ങൾക്കും നിങ്ങൾക്കും സൗഖ്യം നൽകട്ടെ എന്ന് പറയുക.

ഈ മര്യാദകൾ പാലിക്കുന്നതിനോടൊപ്പം അനാചാരങ്ങളും അന്ധ വിശ്വാസങ്ങളും വർജ്ജിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## സ്ത്രീ സ്വാതന്ത്ര്യം, അല്ലാഹു തന്നെ കാത്തുര ക്ഷിക്കട്ടെ!

ഇസ്‌ലാം പ്രകൃതിമതമാണ്. മാനവ ശിക്ഷണശീലനങ്ങൾക്കുള്ള ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ സർവ്വസമ്പൂർണ്ണമാണ്. പുരുഷന്മാരുടെയും സ്ത്രീകളുടെയും അവകാശങ്ങളും കടമകളും പരിപൂർണ്ണമായ നിലയിൽ ഇസ്‌ലാം വിവരിച്ചിരിക്കുന്നു. വിശ്വാസം, ആരാധന മുതലായ നന്മകളിൽ സ്ത്രീകളും പുരുഷന്മാരും തുല്യരാണ്. എന്നാൽ സൃഷ്ടിപരമായി ഇരുകൂട്ടർക്കും ഇടയിൽ ചില വ്യത്യാസങ്ങൾ ഉള്ളത് കൊണ്ട് ഇരുകൂട്ടരുടെയും നിയമങ്ങളിൽ ചെറിയ വ്യത്യാസങ്ങളുണ്ട്. മറ്റ് എല്ലാ വിഷയങ്ങളിലും ഇരുവരും തുല്യരാണ്. പുരുഷന്മാരുടെ കടമകൾ സ്ത്രീകൾക്കും ബാധകമാണ്. പ്രതിഫലം ഇരുവർക്കും തുല്യമാണ്. മുന്നേറുന്നതിന് അനുസരിച്ച് ആരാണെങ്കിലും മഹത്വവും ലഭിക്കുന്നതാണ്. ഉദാഹരണത്തിന് വിശ്വാസത്തിന്റെ അടിയുറപ്പിലും ഉദ്ദേശത്തിന്റെ ശുദ്ധിയിലും നന്മകളിലും ഏതെങ്കിലും പുരുഷൻ അലസനാണെങ്കിൽ അയാൾക്ക് മഹത്വം ലഭിക്കുന്നതല്ല. സ്ത്രീ മുന്നിലാണെങ്കിൽ അവർക്ക് മഹത്വം ലഭിക്കുന്നതാണ്. ഇതര മതങ്ങളിലും വീക്ഷണങ്ങളിലും ഇത്തരമൊരു സമത്വം കാണാൻ കഴിയില്ല.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും ഇന്ന് ശക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ അവകാശങ്ങൾ ഘോരംഘോരമായി മുഴക്കപ്പെടുന്നു. പക്ഷേ നടപ്പിലാകുന്ന

വിഷയത്തിൽ എല്ലാം പിന്നിലാണ്. ഈ ഒരു അവസ്ഥ നിലനിന്നാൽ ഒരു നൂറ്റാണ്ട് കഴിഞ്ഞാലും ഇസ്‌ലാം സ്ത്രീകൾക്ക് കൊടുത്ത അവ കാശങ്ങളുടെ ഒരു ശതമാനം പോലും ലോകത്ത് പുലരുന്നതല്ല.

ഇന്ന് മനുഷ്യർ സ്ത്രീകൾക്ക് ചില അവകാശങ്ങൾ കൊടുക്കണ മെന്ന് പറയുന്നു. എന്നാൽ 1400 വർഷങ്ങൾക്ക് മുമ്പുതന്നെ ഇസ്‌ലാം സ്ത്രീകൾക്ക് സർവ്വഅവകാശങ്ങളും നൽകുകയുണ്ടായി. ഉദാഹരണ ത്തിന് വിദ്യാഭ്യാസം എടുക്കുക. വിജ്ഞാനം കരസ്ഥമാക്കൽ എല്ലാ മുസ്‌ലിം പുരുഷന്റെയും സ്ത്രീയുടെയും മേൽ നിർബന്ധമാണ് എന്ന് പ്രഖ്യാപിച്ചുകൊണ്ട് ഇസ്‌ലാം തുല്യത നൽകി. ഇപ്രകാരം ഇടപാടു കളിലും ഉത്തരവാദിത്വങ്ങളിലും എല്ലാവരും തുല്യമാണെന്ന് അറിയി ച്ചുകൊണ്ട് റസൂലുല്ലാഹി (സ) അരുളി: നിങ്ങൾ എല്ലാവരും ഉത്തരവാ ദികളാണ്. നിങ്ങളുടെ കീഴിലുള്ളവരെക്കുറിച്ച് നിങ്ങൾ എല്ലാവരോടും ചോദിക്കപ്പെടുന്നതാണ്.

കൂടാതെ ഇസ്‌ലാം സ്ത്രീത്വത്തിന് പ്രത്യേക പരിഗണനയും സ്ത്രീകൾക്ക് വലിയ ഇളവുകളും നൽകിയിരിക്കുന്നു. ഉദാഹരണത്തിന് ശ്രേഷ്ട ആരാധനയായ നിസ്ക്കാരം എടുക്കുക. പുരുഷന്മാർക്ക് ഒരു സാഹചര്യത്തിലും നിസ്ക്കാരം മാപ്പ് ചെയ്യപ്പെടുന്നതല്ല. എന്നാൽ സ്ത്രീകൾക്ക് പ്രത്യേക ദിനങ്ങളിൽ നിസ്ക്കാരം മാപ്പക്കപ്പെട്ടിരിക്കു ന്നു. ജമാഅത്ത് നിസ്ക്കാരം പുരുഷന്മാരുടെ മേൽ നിർബന്ധമാണ്. എന്നാൽ അഞ്ച് നേരം സ്ത്രീകൾ മസ്ജിദുകളിൽ പോകുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം സമ്പാദിക്കാനും ജിഹാദ് നടത്താനും രാജ്യകാര്യങ്ങൾ ശ്രദ്ധിക്കാനുമുള്ള ഉത്തരവാദിത്വം പുരു ഷന്മാർക്കാണ്. സ്ത്രീകൾക്ക് ഈ വിഷയങ്ങളിൽ ഉത്തരവാദിത്വം ഇല്ല.

ഇന്ന് എല്ലാ സ്ഥലങ്ങളിലും സ്ത്രീ സ്വാതന്ത്ര്യത്തിന്റെ ശബ്ദം ഉയർന്നുകൊണ്ടിരിക്കുന്നു. ഇത് വളരെ സന്തോഷകരമാണ്. ആയിരം വർഷങ്ങൾക്ക് മുമ്പ് സ്ത്രീകൾക്ക് അവകാശമൊന്നും നൽകപ്പെട്ടിരു ന്നില്ല എന്ന് മാത്രമല്ല, സ്ത്രീകളെ ഇരയായി കാണുകയും ഉന്മൂലം നശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. ഭൂതകാലത്തിന്റെ വേദനാജനക മായ ഈ പശ്ചാത്തലത്തിൽ സ്ത്രീ സ്വാതന്ത്ര്യത്തിനുള്ള പ്രവർത്തന ങ്ങൾ വളരെ നല്ലതാണ്. പക്ഷേ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവരുടെ മനസ്സും മസ്തിഷ്കവും പരിശുദ്ധവും വിശാലവുമാ യിരിക്കണം എന്ന് മാത്രം. ഇന്ന് സ്ത്രീകളുടെ ഏതാനും അവകാശ ങ്ങൾ ഉയർത്തിക്കാണിക്കപ്പെടുകയും പാർലമെന്റ്-അസംബ്ലികളിൽ

അതിനുവേണ്ടി ചർച്ചകൾ നടത്തപ്പെടുകയും പ്രമേയങ്ങൾ പാസാക്കപ്പെടുകയും ചെയ്യുന്നു. അവകാശങ്ങൾ ചോദിച്ചുവാങ്ങാനുള്ള ആവേശം വർദ്ധിച്ച് ഡിമാൻഡുകൾ കൂടിക്കൊണ്ടിരിക്കുന്നു. പക്ഷേ അവകാശങ്ങളുടെ കാര്യം ഇപ്പോഴും ചർച്ചകളിൽ മാത്രം ഒതുങ്ങിക്കിടക്കുന്നു. അവകാശങ്ങൾക്ക് വേണ്ടിയുള്ള ശബ്ദങ്ങൾ മുഴങ്ങിക്കേൾക്കുന്നു. പക്ഷേ ഉണരേണ്ടവർ ആരും ഉണരുന്നില്ല എന്നതാണ് സത്യം.

പടച്ചവന്റെ അനുഗ്രഹത്താൽ ഇസ്‌ലാമിക സന്ദേശങ്ങൾ സർവ്വവിധ തീവ്രത-ജീർണ്ണതകളിൽ നിന്നും മുക്തവും മനുഷ്യപ്രകൃതിക്ക് തീർത്തും അനുസൃതവുമാണ്. ഇസ്‌ലാം ഒരു ഭാഗത്ത് സ്ത്രീകൾക്ക് സമ്പൂർണ്ണ അവകാശങ്ങളും പരിഗണനകളും നൽകിയപ്പോൾ മറുഭാഗത്ത് അവരുടെ അന്തസ്സും വിശുദ്ധിയും വളരെയധികം പരിഗണിക്കുകയും ചെയ്തു. സ്ത്രീ സ്വാതന്ത്ര്യങ്ങൾക്കും അവകാശങ്ങൾക്കും ശബ്ദിക്കുന്നവർ ഈ വിഷയത്തിലുള്ള ഇസ്‌ലാമിക വീക്ഷണങ്ങളും നിക്ഷ്പക്ഷമായി പഠിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

സ്ത്രീ സ്വാതന്ത്ര്യത്തിന്റെ കാര്യം ഇരുവഴികൾ തിരിയുന്ന ഒരു സങ്കീർണ്ണ സ്ഥാനത്ത് ഇന്ന് എത്തിയിരിക്കുകയാണ്. ഇതിലൂടെ ഒന്നുങ്കിൽ ലോകം നന്നാകും. അല്ലെങ്കിൽ നശിക്കും. ഈ സങ്കീർണ്ണഘട്ടത്തിൽ മാനവ സ്നേഹികൾ മുന്നോട്ട് വന്ന് പരിശുദ്ധ ഖുർആൻ ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കുക. എന്നാൽ മാനവരാശിക്ക് ആകമാനം ഇത് വലിയൊരു ഗുണമാകുന്നതാണ്. ഇത് നിർവ്വഹിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ രൂക്ഷമാകുന്നതും സ്ത്രീ സ്വാതന്ത്ര്യത്തെ പടച്ചവൻ കാക്കട്ടെ എന്ന ഗതി വരുന്നതുമാണ്.